LIBRARY ARCHIVES Kerala Legislative Assembly

ഷെയർ ടാക്സി - ഓട്ടോ സംവിധാനം

19 (*589) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷെയർ ടാക്സി-ഓട്ടോ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഷെയർ ടാക്സി സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) പൊതു ഗതാഗത സംവിധാനങ്ങൾ അപര്യാപ്തമായ സ്ഥലങ്ങളിൽ യാത്രാസൗകര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഷെയർ ടാക്സി - ഓട്ടോ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മാർക്കറ്റ്, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ ജനങ്ങൾ കൂടുതലായി എത്തിച്ചേരുന്ന സ്ഥലങ്ങളിൽ യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ ഈ സംവിധാനം പ്രയോജനപ്പെടുത്താമെന്നു കരുതുന്നു. യാത്രാച്ചെലവ് കുറയ്ക്കുന്നത് കൂടാതെ വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും അതുമൂലം കാർബൺ എമിഷൻ കുറയ്ക്കുന്നതിനും സാധിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് ഷെയർ ടാക്സി ഓട്ടോ സംവിധാനം നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിന് ജസ്റ്റിസ് (റിട്ടയേർഡ്) എം. രാമചന്ദ്രൻ കമ്മിറ്റിയെ 17-11-2012-ലെ സർക്കാർ ഉത്തരവ് 933/ബി2/2012/ട്രാൻസ്. പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. കമ്മിറ്റിയുടെ 27-6-2013-ലെ റിപ്പോർട്ട് 6-7-2013-ൽ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഇതു പരിശോധിച്ചുവരികയാണ്.

മോട്ടോർ വാഹന വകുപ്പിലെ പരാതി പരിഹാരസെൽ

20 (*590) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ പരാതി പരിഹാരസെല്ലിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം തലത്തിലാണ് സെല്ലുകൾ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പരാതികൾ നൽകാൻ എന്തെല്ലാം സംവിധാനമാണ് സെല്ലുകളിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പരാതികൾ സ്വീകരിച്ചുവെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുവാനും പരാതികൾക്ക് പരിഹാരം കാണുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരം നൽകുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്. ഗതാഗത കമ്മീഷണറേറ്റിലും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 1-7-2013 മുതൽ പരാതി പരിഹാര സെൽ ആരംഭിച്ചിട്ടുണ്ട്.

(ബി) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഗതാഗത കമ്മീഷണറേറ്റിലും ആണ് സെല്ലുകൾ പ്രവർത്തിക്കുന്നത്. അവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും വിലയിരുത്തുവാനും അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരേയും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരേയും, ഗതാഗത കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പരാതികൾ/അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ മുതലായവ പൊതുജനങ്ങൾക്ക് ബോധിപ്പിക്കുന്നതിനായി ഹെഡ് ക്വാർട്ടേഴ്സിലേയും എല്ലാ മേഖലാ ഓഫീസുകളിലേയും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലേയും ഫോൺ നമ്പരും ഇ-മെയിൽ അഡ്രസ്സും മാധ്യമങ്ങൾ മുഖാന്തിരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫോൺ മുഖേനയും, ഇ-മെയിൽ മുഖേനയും പരാതികൾ നൽകാവുന്നതാണ്.

(ഡി) പരാതികൾ സ്വീകരിച്ച് കഴിഞ്ഞാൽ പരാതിക്കാരന് ഡോക്കറ്റ് നമ്പർ ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഡോക്കറ്റ് നമ്പർ ഉപയോഗിച്ച് പരാതിക്കാരന് തന്റെ പരാതിയുടെ തുടർനടപടികളെക്കുറിച്ച് അറിയുവാൻ കഴിയുന്നതാണ്. പരാതികൾ ലഭിച്ച ഉടൻതന്നെ അവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും പരാതി സംബന്ധിച്ച തുടർ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരാതിക്കാരനെ അറിയിക്കുന്നതുമാണ്. പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം കമ്പ്യൂട്ടറൈസ് ചെയ്യുക വഴി സുതാര്യമാക്കുവാൻ സോഫ്റ്റ് വെയർ തയ്യാറാക്കുന്നുണ്ട്.

(ഇ) പൊതുജനങ്ങൾക്ക് പരാതി നൽകുവാനായി മാധ്യമങ്ങൾ മുഖാന്തിരം ഫോൺ നമ്പരും ഇ-മെയിൽ അഡ്രസ്സും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെല്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ അറിയിക്കുവാനായി പത്രമാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചരണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly